KSEB
കേരളത്തിന്റെ ഊർജ്ജം

**KERALA STATE ELECTRICITY BOARD Ltd**
(Incorporated under the Companies Act, 1956)
Registered Office: Vydyuthi Bhavanam, Pattom,
Thiruvananthapuram - 695 004
CIN: U40100KL2011SGC027424
Website: www.kseb.in
Phone: +91 471 2514685, 2514331
Email: ddkseb@kseb.in

No. DIRDIT-AE1/2022/Ente Jilla/001 (2)

Dated: 05.07.2022

**<u>പരിപത്രം</u>**

Sub:- എന്റെ ജില്ലാ പോർട്ടൽ - ഉദ്ദേശ ലക്ഷ്യങ്ങൾ നടപ്പിലാക്കുന്നതിനും, പ്രവർത്തനം സുഗമമാക്കുന്നതിനുമായുള്ള നിർദ്ദേശങ്ങൾ - സംബന്ധിച്ച്.

Ref :- (1) 01.04.2022 തീയതിയിലെ 142/M(Ele.)/PS/Note/2022 നമ്പർ സർക്കാർ കത്ത്.
(2) 11.04.2022 തീയതിയിലെ പരിപത്രം നമ്പർ. DIRDIT-AEE4/Ente Jilla App/2022.
(3) 23.04.2022 തീയതിയിലെ പരിപത്രം നമ്പർ.CSEC-SS1/2022/77.
(4) 17.06.2022 തീയതിയിലെ എഫ്.റ്റി.ഡി.യ്ക്ക് സമർപ്പിച്ച കുറിപ്പ് നമ്പർ. DIRDIT-AE1/2022/Ente Jilla/001 (അജണ്ട ഐറ്റം നം. 53/6/22)

സർക്കാർ സേവനങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി പൊതുജനങ്ങളിൽ നിന്ന് അഭിപ്രായങ്ങളും നിർദ്ദേശങ്ങളും സ്വീകരിക്കുന്നതിന്, കേരള സർക്കാർ തയ്യാറാക്കിയ "എന്റെ ജില്ല" എന്ന മൊബൈൽ അപ്ലിക്കേഷൻ ഗൂഗിൾ പ്ലേസ്റ്റോറിൽ നിന്ന് ഡൌൺലോഡ് ചെയ്യാവുന്നതാണ്. ഈ ആപ്ലിക്കേഷൻ പ്രധാനമായും പൊതുജനത്തെ ഉദ്ദേശിച്ചിട്ടുള്ളതാണ്. സർക്കാർ വകുപ്പുകൾക്കും ഉദ്യോഗസ്ഥർക്കും ഈ ആപ്പിൽ ലഭ്യമായ നിർദ്ദേശങ്ങളും പരാതികളും പരിശോധിക്കുന്നതിനായി http://entejilla.kerala.gov.in/ എന്ന പോർട്ടലിൽ ലോഗിൻ ലഭ്യമാണ്. ഈ പോർട്ടലിന്റെ ഉദ്ദേശലക്ഷ്യങ്ങൾ നടപ്പിലാക്കുന്നതിനും, പ്രവർത്തനം സുഗമമാക്കുന്നതിനുമായി താഴെപ്പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. ഓരോ ജില്ലയിലും ജില്ലാ ഹെഡ്ക്വാർട്ടേഴ്സ് സ്ഥിതി ചെയ്യുന്ന ഇലക്ട്രിക്കൽ സർക്കിൾ ഓഫീസിലെ ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ, ആ ജില്ലയുടെ ഡിസ്ട്രിക്റ്റ് അഡ്മിനിസ്ട്രേറ്റർ ലോഗിൻ കരസ്ഥമാക്കേണ്ടതാണ്. ഇതിനായി അതാത് കളക്ടേറ്റിൽ ബന്ധപ്പെടേണ്ട ഓഫീസിന്റെ വിവരം ഇതോടൊപ്പം അനുബന്ധമായി ചേർക്കുന്നു. (അനുബന്ധം 1)

2. എക്സിക്യൂട്ടീവ് എഞ്ചിനീയർ തലം മുതൽ മുകളിലേക്കുള്ള എല്ലാ ഓഫീസുകൾക്കും ഈ പോർട്ടലിൽ ലോഗിൻ നിർബന്ധമായും ഉണ്ടാകേണ്ടതാണ്. എന്നാൽ, ഇതിനു താഴേയ്ക്കുള്ള ഓഫീസുകൾ ആവശ്യപ്പെടുകയാണെങ്കിൽ ലോഗിൻ നൽകാവുന്നതാണ്.

3. എന്റെ ജില്ല പോർട്ടലിൽ ഇപ്പോൾ ലഭ്യമായ ഓപ്ഷൻ പ്രകാരം District Admin, Office Admin എന്നീ ലോഗിൻ മാത്രമാണ് ലഭ്യമായിട്ടുള്ളത്. (സബ്ഡിവിഷൻ, ഡിവിഷൻ, സർക്കിൾ തലത്തിൽ മേൽനോട്ടം നടത്തുന്നതിനുള്ള സൗകര്യം ഇപ്പോൾ ലഭ്യമല്ല.) District Admin ലോഗിൻ ലഭ്യമായിട്ടുള്ള എല്ലാ ഓഫീസുകൾക്കും ആ ജില്ലയുമായി ബന്ധപ്പെട്ട എല്ലാ വിവരങ്ങളും കാണുകയും എഡിറ്റ് ചെയ്യുകയും ചെയ്യാവുന്നതാണ്. എന്നാൽ Office Admin ലോഗിൻ ലഭ്യമായ

ഓഫീസുകൾക്ക് ആ ഓഫീസുമായി ബന്ധപ്പെട്ട വിവരങ്ങൾ മാത്രമേ കാണുവാനും എഡിറ്റ് ചെയ്യുവാനും സാധിക്കുകയുള്ളൂ.

4. ഒരു ജില്ലയിൽ ആവശ്യമായ മറ്റു ലോഗിനുകൾ ആവശ്യാനുസരണം നൽകേണ്ടത് ഡിസ്ട്രിക്റ്റ് അഡ്മിനിസ്ട്രേറ്റർ ലോഗിൻ ലഭ്യമായിട്ടുള്ള ഇലക്ട്രിക്കൽ സർക്കിൾ ഓഫീസിലെ ഡെപ്യൂട്ടി ചീഫ് എഞ്ചിനീയറുടെ ഓഫീസിൽ നിന്നുമാണ്. ആവശ്യമെങ്കിൽ, ടി ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർക്ക് തന്റെ ജില്ലയുമായി ബന്ധപ്പെട്ട ജോലിഭാരം ലഘൂകരിക്കുന്നതിനായി മറ്റു സർക്കിൾ ഓഫീസുകൾക്കും അഡ്മിനിസ്ട്രേറ്റർ ലോഗിൻ നൽകാവുന്നതാണ്. ഇപ്രകാരം അഡ്മിനിസ്ട്രേറ്റർ ലോഗിൻ ലഭ്യമായ ഓഫീസുകളുടെ കീഴിലുള്ള മറ്റു ഓഫീസുകൾക്ക് ടി ഓഫീസിൽ നിന്നും ആവശ്യമായ ലോഗിൻ നൽകാവുന്നതാണ്.

5. എന്റെ ജില്ലാ പോർട്ടൽ വഴിയുള്ള പ്രവർത്തനം വിലയിരുത്തുന്നതിനും ഏകോപിപ്പിക്കുന്നതിനുമായി ഡിസ്ട്രിബ്യൂഷൻ & എസ്സ്.സി.എം. വിഭാഗം ഡയറക്ടറുടെ ടെക്നിക്കൽ അസിസ്റ്റന്റിനെ സംസ്ഥാന നോഡൽ ഓഫീസറായി നിയമിച്ചിട്ടുണ്ട്.

6. എന്റെ ജില്ലാ പോർട്ടൽ വഴിയുള്ള പ്രവർത്തനം വിലയിരുത്തുന്നതിനും പരാതികളിന്മേൽ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനും ആവശ്യമായ റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിനുമായി ഡിവിഷൻ, സർക്കിൾ, റീജിയൻ തലങ്ങളിൽ ഓരോ നോഡൽ ഓഫീസർമാരെ നിയമിക്കേണ്ടതാണ്. ഈ നോഡൽ ഓഫീസർമാർ ഡിസ്ട്രിബ്യൂഷൻ & എസ്സ്.സി.എം. വിഭാഗം ഡയറക്ടറുടെ ഓഫീസിലെ നോഡൽ ഓഫീസറുടെ, സമയാസമയം ഉള്ള നിർദ്ദേശങ്ങൾക്കനുസൃതമായി പ്രവർത്തിക്കേണ്ടതാണ്.

7. എന്റെ ജില്ല പോർട്ടലിന്റെ നോഡൽ ഓഫീസർ ആയി നിയമിക്കപ്പെട്ടിട്ടുള്ള ഓഫീസർമാരുടെ ഒരു ലിസ്റ്റ് താഴെപ്പറയുന്ന ഫോർമാറ്റിൽ, ചീഫ് എൻജിനീയർ തലത്തിൽ ക്രോഡീകരിച്ച്, ഈ പരിപത്രം പ്രസിദ്ധീകരിച്ച് പത്തു ദിവസങ്ങൾക്കുള്ളിൽ ഡിസ്ട്രിബ്യൂഷൻ & എസ്സ്.സി.എം. വിഭാഗം ഡയറക്ടറുടെ കാര്യാലയത്തിൽ Excel/ ODS ൽ editable ഫോർമാറ്റിൽ ലഭ്യമാക്കേണ്ടതാണ്.

| Sl. No. | Name | Designation | Office | Contact Number | Email ID |
|---|---|---|---|---|---|
| | | | | | |

6. എന്റെ ജില്ല പോർട്ടലിൽ, Office Details എന്ന മെനുവിൽ KSEBL – ന കീഴിൽ ഇപ്പോൾ ഏകദേശം ആയിരത്തിമുന്നൂറോളം ഓഫീസുകളുടെ വിവരങ്ങൾ ലഭ്യമാണ്. ഈ വിവരങ്ങളിൽ, ഓഫീസിന്റെ പേര്, ഫോൺ നമ്പർ, മേൽവിലാസം തുടങ്ങിയവയിൽ സാരമായ തെറ്റുകൾ കടന്നുകൂടിയിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അഡ്മിനിസ്ട്രേറ്റർ ലോഗിൻ ലഭ്യമാക്കിയിട്ടുള്ള ഓഫീസുകളിൽ നിന്നും, ആ ജില്ലയിൽ, അവരവരുടെ കീഴിൽ വരുന്ന എല്ലാ ഓഫീസുകളുടെയും വിവരം ഈ ലിസ്റ്റിൽ ഉണ്ടോ എന്നും ഇപ്പോൾ ചേർത്തിട്ടുള്ള വിവരങ്ങൾ കൃത്യമാണോ എന്നും പരിശോധിക്കേണ്ടതും തിരുത്തലുകൾ/ കൂട്ടിച്ചേർക്കലുകൾ ആവശ്യമുള്ളപക്ഷം അതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

7. കൂടാതെ ടി പോർട്ടലിൽ, Manage Users എന്ന മെനുവിൽ ജില്ലാ അഡ്മിനിസ്ട്രേറ്റർ ലോഗിൻ ലഭ്യമായിട്ടുള്ള ഓഫീസുകളുടെ ലിസ്റ്റും ലഭ്യമാണ്. എന്നാൽ മിക്ക ഓഫീസുകളുടെയും പേര് ഓരോ വ്യക്തികളുടെ പേരിലാണ് കാണപ്പെടുന്നത്. മാത്രമല്ല, ചില ഓഫീസുകളുടെ ഫോൺ നമ്പർ, ഇമെയിൽ വിലാസം മുതലായവ തെറ്റായി രേഖപ്പെടുത്തിയിട്ടുള്ളതായി കാണുന്നു. ഓരോ ഓഫീസും തിരിച്ചറിയാൻ സാധിക്കുന്ന രീതിയിൽ ഈ ഓഫീസുകളുടെ വിവരങ്ങൾ കൃത്യമായി രേഖപ്പെടുത്തേണ്ടതും ഇപ്പോൾ ലഭ്യമായിട്ടുള്ളവയിൽ ആവശ്യമായ തിരുത്തലുകൾ വരുത്തേണ്ടതുമാണ്.

8. പൊതുജനങ്ങൾക്ക് എന്റെ ജില്ല ആപ്പിലൂടെ സർക്കാർ ഓഫീസുകൾ കണ്ടെത്തുന്നതിനും ഫോൺ നമ്പർ/ ഇമെയിൽ വിലാസം മുഖേന ടി ഓഫീസുമായി ബന്ധപ്പെടുന്നതിനും, കൂടാതെ ആവശ്യമായ സേവനം ലഭ്യമായ ശേഷം അവർക്കുണ്ടായ അനുഭവങ്ങൾ, അവലോകനങ്ങൾ, എന്നിവ

രേഖപ്പെടുത്താനും ടി ഓഫീസിന്/ ഓഫീസർക്ക്/ ലഭ്യമായ സേവനത്തിന് ഒന്ന് മുതൽ അഞ്ചു വരെ റേറ്റിങ് നൽകാനും സാധിക്കും. ഇത്തരത്തിൽ പൊതുജനങ്ങളിൽ നിന്നും ലഭ്യമായ പ്രതികരണങ്ങൾ വിശകലനം ചെയ്ത് ഉചിതമായ നടപടികൾ സ്വീകരിക്കേണ്ടതും ഇപ്രകാരം സ്വീകരിച്ച നടപടികൾ ആപ്പിൽ/ പോർട്ടലിൽ മറുപടിയായി രേഖപ്പെടുത്തേണ്ടതുമാണ്. അതാത് തലങ്ങളിലെ നോഡൽ ഓഫീസർമാർ ഇവ കൃത്യമായ ഇടവേളകളിൽ പരിശോധിക്കേണ്ടതും ആവശ്യമെങ്കിൽ വേണ്ട തിരുത്തലുകൾ വരുത്തേണ്ടതുമാണ്.

9. ഈ പരിപത്രം KSEBL – ന്റെ എല്ലാ വിഭാഗങ്ങൾക്കും ബാധകമാണ്.

(Sd/-)
**JAYASHREE T K**
**Secretary**

To

എല്ലാ ഓഫീസ് മേധാവികൾക്കും.

Forwarded / By Order

Assistant Engineer

Annexure - 1: Ente jilla - Contact list

| Sl.No. | District | Nodal Officer | Email ID |
|---|---|---|---|
| 1 | Kasargod | Sub Collector | rdokasargod@gmail.com, |
| 2 | Kannur | DIO | rdo-thalassery@kerala.gov.in |
| 3 | Kozhikode | DDC | ddckozhikode@gmail.com, |
| 4 | Wayanad | DDC | ddc.wayanad@gmail.com, |
| 5 | Malappuram | DDC | ddcmlpm@gmail.com, |
| 6 | Trichur | DDC | ddcthrissur@gmail.com, |
| 7 | Palakkad | Sub Collector | rdopkd@gmail.com |
| 8 | Ernakulam | Asst. Collector | assistantcollectorekm@gmail.com, |
| 9 | Alappuzha | DDC | ddcalappuzha@gmail.com, |
| 10 | Pathanamthitta | Additional District Magistrate | admpta.ker@nic.in, |
| 11 | Idukki | DDC | ddcidukki@gmail.com, |
| 12 | Kottayam | Sub Collector | rdokottayam@gmail.com, |
| 13 | Kollam | DDC | ddckollam1@gmail.com, |
| 14 | Thiruvananthapuram | DDC | thiruvananthapuramddc@gmail.com, |